ഫോർമുല ലിബറലൈസ് ചെയ്യാനുള്ള തീരുമാനമെടുത്തു. ഇപ്പോഴത്തെ ഗവൺമെന്റിന്റെ മുമ്പിലുള്ളത് മൂന്നുകാര്യങ്ങളാണ്. ഒന്ന് കേരള ഹൈക്കോടതി ജഡ്ജ്മെന്റ്, രണ്ട്, പേ കമ്മീഷന്റെ റിപ്പോർട്ട് മൂന്ന്, കേന്ദ്രഗവൺമെന്റിന്റെ 1985–86–ലെ ബഡ്ജറ്റ് നിർദ്ദേശം. കഴിഞ്ഞവർഷം ഈ നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിനുശേഷം ഉണ്ടായിരിക്കുന്ന മൂന്നു സ്ഥിതിവിശേഷങ്ങളാണ് ഈ കാര്യങ്ങൾ. അപ്പോഴത്തെ ഗവൺമെന്റ് പീസ്മീൽ ആയിട്ട് ഓരോ കാര്യങ്ങളിലും തീരുമാനം എടുക്കുന്നില്ല, ഗവൺമെന്റ് ഉദ്ദേശിക്കുന്നത് സമഗ്രമായ ഒരു തീരുമാനം എടുക്കാനാണ്. ഹൈക്കോടതി ജഡ്ജ്മെന്റും പേ കമ്മീഷൻ റിപ്പോർട്ടും കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റും എല്ലാംകൂടി ചേർത്ത് കേരളഗവൺമെന്റിന്റെ പരിമിതികൂടി കണക്കിലെടുത്തുകൊണ്ട് സമഗ്രമായ ഒരു പെൻഷൻ സ്കീം ഈ വർഷാവസാനത്തോടുകൂടി കൊണ്ടുവരാൻ കഴിയുമെന്ന് ഗവൺമെന്റ് ആശിക്കുകയാണ്. അതിനാവശ്യമായ നടപടികളും സത്വരമായി കൈക്കൊണ്ടിരിക്കുകയാണ്. ഒരു വിഷമതയും വിചാരിക്കേണ്ട. ഈ ഗവൺമെന്റ് പെൻഷൻകാർക്കുവേണ്ടി അങ്ങേയറ്റം സഹായം നൽകുന്ന ഒരു ഗവൺമെന്റാണ്. അവരുടെ ആവശ്യങ്ങളും പരിഗണിക്കുന്നതാണ്.

(2) മങ്ങാട്ടുപുരം എന്ന സ്ഥലത്തുണ്ടായ ഭക്ഷ്യ വിഷബാധ

ശ്രീ. കെ.പി.എ. മജീദ്: സർ, വളരെ നിർഭാഗ്യകരവും വേദനാജനകവുമായ ഒരു സംഭവമാണ് മിനിഞ്ഞാന്ന് എന്റെ നിയോജകമണ്ഡലത്തിൽ ഉണ്ടായത്. മങ്ങാട്ടുപുരം എന്ന സ്ഥലത്ത് മൂന്നാംപടിക പറങ്ങോടൻ എന്നയാളിന്റെ വീട്ടിൽ ഉച്ചഭക്ഷണം ഉണ്ടാക്കി അത് വൈകുന്നേരം കഴിച്ച അഞ്ചു കുട്ടികളെ മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആ അഞ്ചുകുട്ടികളും മരണപ്പെടുകയും ചെയ്ത വളരെ ദൗർഭാഗ്യകരമായ വാർത്തയാണ് ഉണ്ടായിട്ടുള്ളത്. എട്ടു മക്കളുള്ള ഈ കുടുംബത്തിൽ ഭക്ഷണം കഴിച്ച അഞ്ചു പേരും മരണപ്പെട്ട ഈ സംഭവത്തെസംബന്ധിച്ച് അന്വേഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനും അവിടെ ചെന്നില്ല. ആരോഗ്യവകുപ്പിലെ ജില്ലാ മെഡിക്കൽ ആഫീസർപോലും സ്ഥലത്ത് എത്തിയിട്ടില്ല. ഐ.പി.പി.യുടെ ഒരു പ്രോജക്ട് ആഫീസർ മാത്രമാണ് അവിടെ എത്തിയത്. ഈ കാര്യത്തെസംബന്ധിച്ച് വ്യക്തമായ കാരണം ഇതുവരേയും വ്യക്തമായിട്ടില്ല. ഭക്ഷ്യവസ്തുവിൽ വിഷമാണോ അതോ മറ്റുവല്ലതുമാണോ എന്നുള്ളതിനെ സംബന്ധിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം ആവശ്യമാണ്. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കുകയും അതുപോലെ നിരാലംബരായ ഈ കുടുംബത്തെ സാമ്പത്തികമായി സഹായിക്കാനുമുള്ള നടപടികളും ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്വന്തം വീട്ടിൽ പാകം ചെയ്ത ഭക്ഷണം കഴിച്ച് മരണപ്പെട്ടിട്ടുള്ളതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഏതായാലും ഈ ആളുകളെ മലപ്പുറം ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ അവിടെ ചികിൽസിച്ചാൽ പോരായെന്നുമനസ്സിലാക്കി മെഡിക്കൽകോളേജ് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെവച്ച് ആദ്യം ഒരാൾ മരിച്ചു. പിന്നീട് നാലുപേർകൂടി മരണപ്പെട്ടു. ഇതിന്റെ മൂലകാരണം എന്താണെന്ന് അന്വേഷിക്കുവാൻ ആവശ്യപ്പെട്ടിരിക്കുക

10 a.m.]

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ജില്ലാ കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മരിച്ചുപോയ ആളുകളുടെ കുടുംബത്തിനു സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും. ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ ഉടനെ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(3) കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ത്വരിത പ്പെടുത്തൽ.

ശ്രീ. രമേശ് ചെന്നിത്തല: വളരെ വർഷങ്ങളായി കായംകുളം ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന് ജനങ്ങളും ഉന്നയിക്കുന്ന ഒരു കാര്യമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷന്റെ പണി നടന്നു കഴിഞ്ഞിട്ടുണ്ട് എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കായംകുളം, കരുനാഗപ്പള്ളി, ഹരിപ്പാട് എന്നീ മൂന്നു നിയോജകമണ്ഡലങ്ങളിലെ തീരദേശവാസികളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതുകൊണ്ട് ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എത്രയുംപെട്ടെന്ന് ത്വരിതപ്പെടുത്താനും മൽസ്യത്തൊഴിലാളികളടക്കമുള്ള ആ പ്രദേശത്തെ ജനങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കാനും വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കായംകുളം ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ച പ്രാഥമികമായ റിപ്പോർട്ട് എല്ലാം കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. പഠനം നടത്തുന്നത് ലാൽബഹദൂർ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള എഞ്ചിനീയറിംഗ് വിഭാഗ്ദ്ധൻമാരാണ്. അവർ ചെമ്പാൻ പ്രോജക്ടിന്റെ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം അവസാനത്തോടുകൂടി അതു പൂർത്തിയാകും. അതു പൂർത്തിയായിക്കഴിഞ്ഞാൽ അവർ ഈ ജോലി ഏറ്റെടുത്തു നടത്തും. അവരുടെ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ നടപടികളും സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്വീകരിക്കുന്നതായിരിക്കും.

(4) കൃഷി ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ.ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷവും മാറിമാറിവരുന്ന അതിവൃഷ്ടിയും അനാവൃഷ്ടിയും നമ്മുടെ സംസ്ഥാനത്തെ കർഷകരെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തിനുമുൻപുണ്ടായ വരൾച്ചയുടേയും ഈ വർഷം ഉണ്ടായ കാലവർഷക്കെടുതികളുടേയും ഫലമായി കൃഷിയിറക്കാൻപോലും കഴിയാത്ത നിരവധി കർഷകർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിന് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോഴുള്ള ഒരു നിർദ്ദേശം വിള ഇൻഷ്വറൻസ് എന്ന പദ്ധതിമാത്രമാണ്. എന്നാൽ വിളയിറക്കാൻപോലും കഴിയാത്ത സാഹചര്യമാണ് ഈ കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്നത്. അട്ടപ്പാടിമേഖലയിൽ വരൾച്ചമൂലം കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതികൊണ്ട് കൃഷിയിറക്കാൻ കഴിയുന്നില്ല. നെൽക്കൃഷി മാത്രമല്ല, കടല, കരിമ്പ്, പരുത്തി തുടങ്ങിയ കൃഷികളും ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly